ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. ED3/31236/2022 21-08-2025

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - അസിസ്റ്റൻറ് കുക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1.14.10.2020 ലെ സ.ഉ (പി) നം.13/2020/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
2.10.11.2022 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്
3.18.08.2023 ലെ ജി2/26/2023/ഉ.വി.വ നമ്പർ സർക്കാർ കത്ത്

വകുപ്പിലെ അസിസ്റ്റൻറ് കുക്ക് തസ്തികയുടെ നിയമന രീതിയും, യോഗ്യതയും നിശ്ചയിച്ചു കൊണ്ടുള്ള സൂചന (1) സർക്കാർ സ്പെഷ്യൽ റൂൾ വിജ്ഞാപനം പ്രകാരം, വകുപ്പിലെ പാർട്ട് - ടൈം - കുക്കുമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് കുക്ക് തസ്തികയിലേക്ക് ബൈ ട്രാൻഫർ നിയമനം നൽകി നിയമിക്കണം എന്നതാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും, എന്നാൽ വകുപ്പിൽ പാർട്ട് - ടൈം - കുക്കുമാരില്ലായെന്നതിനാൽ, മറ്റേതെങ്കിലും മാർഗ്ഗത്തിൽ അസിസ്റ്റൻറ് കുക്ക് തസ്തികയിൽ നിയമനം നടത്തുന്നതിന് അനുവാദമില്ലെന്നും, സൂചന (1) സർക്കാർ സ്പെഷ്യൽ റൂൾ വിജ്ഞാപനം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ ഭരണപരമായ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം താൽക്കാലിക / ദിവസക്കൂലി വേതനത്തിലെ നിയമനം സർക്കാരിന്റെ അനുമതിയോടെ നടത്തണമെന്നും, അസിസ്റ്റൻറ് കുക്ക് തസ്തികയിൽ ചട്ട വിരുദ്ധമായി നടത്തിയ നിയമനങ്ങൾ പുന : പരിശോധിക്കുകയും, ആയവ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്നും സൂചന (3) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു.

അസിസ്റ്റൻറ് കുക്ക്, ഹെഡ് കുക്ക് എന്നീ തസ്തികകൾ ഈ വകുപ്പിനായി മാത്രം സൃഷ്ടിക്കപ്പെട്ട തസ്തികകളാണ്. ടി തസ്തികകളുടെ നിയമന രീതിയും, യോഗ്യതയും നിഷ്കർഷിച്ചു കൊണ്ട് ആദ്യമായാണ് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്. കേരള ലാസ്റ്റ് ഗ്രേഡ് സർവ്വൻറ്സ് സ്പെഷ്യൽ റൂളിലെ IV - ആം വിഭാഗത്തിൽപ്പെട്ട കുക്കിൻറെ നിയമന രീതി പ്രകാരമാണ് ഈ വകുപ്പിലെ അസിസ്റ്റൻറ് കുക്ക് തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനങ്ങൾ നടന്ന് വന്നിട്ടുള്ളത്. അപ്രകാരം ടി തസ്തികയിൽ നിയമനങ്ങൾ തുടർന്നു വരവേയാണ് അസിസ്റ്റൻറ് കുക്ക് തസ്തികയുടെ നിയമന രീതി പാർട്ട് - ടൈം - കുക്കുമാരിൽ നിന്നും ബൈ ട്രാൻഫർ എന്ന നിയമന രീതിയിലേക്ക് സൂചന (1) പ്രകാരം മാറിയിട്ടുള്ളത്. പാർട്ട് - ടൈം - കുക്ക് എന്ന പേരിൽ ഒരു തസ്തിക ഈ വകുപ്പിൽ ഇല്ല എന്നുള്ള സവിശേഷ സാഹചര്യം നിലനിൽക്കെ ടി നിയമന രീതി പ്രകാരം അസിസ്റ്റൻറ് കുക്ക് തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, ആയതിന് മറുപടിയായി സൂചന (1) സർക്കാർ സ്പെഷ്യൽ റൂൾ വിജ്ഞാപനം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ ഭരണപരമായ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം താൽക്കാലിക / ദിവസക്കൂലി വേതനത്തിലെ നിയമനം മാത്രമേ നടത്താവൂയെന്ന നിർദ്ദേശം സൂചന (4) കത്തിലൂടെ സർക്കാർ നൽകിയിട്ടുള്ളതും.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, സൂചന (1) സർക്കാർ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിൽ ആവശ്യമായ

ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ, വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അസിസ്റ്റൻറ് കുക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് ഭരണപരമായ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം താൽക്കാലിക / ദിവസക്കൂലി അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ മാത്രമേ നടത്താൻ പാടുള്ളൂ എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

JAYAPRAKASH P
DIRECTOR (FULL ADDITIONAL CHARGE)

സ്വീകർത്താവ്,

- 1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
- 2.എല്ലാ സർക്കാർ എഞ്ചിനീയറിംഗ് / പോളിടെക്നിക്ക് കോളേജ് മേധാവികൾക്കും (ഡിടിഇ വെബ് സൈറ്റ് വഴി)
- 3.സൂപ്രണ്ട്,ജീവനകാര്യം (ജി), ഡിടിഇ
- 4.ഇ-ഓഫീസ് കരുതൽ സഞ്ചയം
- .
- .

Signed by
Jayaprakash P
Date: 21-08-2025 21:56:28